LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ സ്ഥലങ്ങളിലും ഓഫീസ് മേൽക്കൂരകളിലും മൊബൈൽ ടവറുകൾ

19(23) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ സ്ഥലങ്ങളിലും ഓഫീസ് മേൽക്കൂരകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിന് സ്വകാര്യ മൊബൈൽ കമ്പനികൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ജനവാസ കേന്ദ്രങ്ങളിൽ ഇത്തരം ടവറുകൾ സ്ഥാപിക്കുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുമെന്നത് സംബന്ധിച്ച പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തീരുമാനം സംബന്ധിച്ച് പൊതുജനങ്ങളിൽ ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ തീരുമാനം നടപ്പിലാക്കുന്നതുമൂലം സർക്കാർ സ്ഥലങ്ങളുടെയും ഓഫീസുകളുടെയും ഭാവി വികസന പരിപാടികൾ തടസ്സപ്പെടാനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 1-1-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 01/2015/വി.സാ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വക സ്ഥലങ്ങളിലും സർക്കാർ ഓഫീസ് മേൽക്കൂരകളിലും കർശന വ്യവസ്ഥകളോടെ പാട്ടക്കരാർ വ്യവസ്ഥയിൽ സ്വകാര്യ ടെലികോം സേവന ദാതാക്കൾക്ക് മൊബൈൽ ടവർ സ്ഥാപിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. മൊബൈൽ ഫോൺ ടവർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര ടെലികോം വകുപ്പിന്റെ മാനദണ്ഡങ്ങളാണ് കേരളത്തിലും പിൻതുടരുന്നത്. റേഡിയേഷൻമൂലമുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിനായി മൊബൈൽ ഫോൺ ടവറുകൾ സ്ഥാപിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിത അകലവും റേഡിയേഷന്റെ തോതും കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. ഇവ പരിശോധിച്ചു ഉറപ്പുവരുത്താൻ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭാരത സർക്കാർ സ്ഥാപനമായ "Telecom Enforcement Resources & Monitoring (TERM-Kerala)" എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിൽ പൊതുവായി അംഗീകരിച്ച സുരക്ഷാ മാനദണ്ഡങ്ങളേക്കാൾ പത്ത് മടങ്ങ് കർശന വ്യവസ്ഥകളാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഭാവി വികസന പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ട് ആയത് കൂടി പരിഗണിച്ച് മാത്രമേ സർക്കാർ ഓഫീസുകളും സ്ഥലങ്ങളും മൊബൈൽ ടവർ സ്ഥാപിക്കുന്നതിനായി വിട്ടു നൽകുവാൻ അനുമതി നൽകിയിട്ടുള്ളൂ. മൊബൈൽ ടവർ നിർമ്മാണത്തിനായി സ്ഥലവും ഓഫീസ് കെട്ടിടവും വിട്ടു നൽകണമോ എന്ന കാര്യം അതാത് ഓഫീസ് മേധാവികളുടെ വിവേചനാധികാരത്തിൽപ്പെടുന്നവയാണ്. സർക്കാർ ഇക്കാര്യത്തിൽ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഒരു വകുപ്പിനെയും/ഓഫീസ് മേധാവികളേയും മൊബൈൽ ടവർ നിർമ്മാണാനുമതി നൽകുന്നതിന് നിർബന്ധിക്കുന്നില്ല.

വകുപ്പുകളിലെ അഴിമതി ആരോപണങ്ങൾ

20 (24) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വകുപ്പുകളിലെ ഏതെല്ലാം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങൾ നിയമസഭയിൽ ഉയർന്നുവരുകയുണ്ടായി;

(ബി) നിയമസഭയിൽ ഉയർന്നുവന്ന ആരോപണങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ;

(സി) നിയമസഭയിൽ രേഖാമൂലം എഴുതി നല്കിക്കൊണ്ട് അംഗങ്ങൾ ആരോപണം ഉന്നയിച്ചാൽ അതേക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്താറുണ്ടോ; ഈ സഭയിൽ ഉന്നയിക്കപ്പെട്ട ഏതെല്ലാം അഴിമതി ആരോപണം സംബന്ധിച്ച് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി?

ഉത്തരം

(എ& ബി) സഭയിൽ ഉന്നയിക്കുന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും സഭാതലത്തിൽതന്നെ ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയും.

(സി) സർക്കാരിനോ, വിജിലൻസ് ഡയറക്ടർക്കോ ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണങ്ങൾ നടത്താറുള്ളത്.

മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ്

21(25) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു നിയന്ത്രിക്കുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു, ആയതിൽ ചെലവഴിച്ച തുകയെത്ര എന്നിവ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly